# പതിമൂന്നാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.*251 19.02.2016 ൽ മറുപടിക്ക്

## ഭിന്നശേഷിക്കാർക്കായുള്ള സങ്കലിത വിദ്യാഭ്യാസ പദ്ധതി

| **ചോദ്യം** | **ഉത്തരം** |
|---|---|
| ശ്രീ.പി.ശ്രീരാമകൃഷ്ണൻ<br>" കെ.വി.അബ്ദുൾ ഖാദർ<br>" ഡോ.കെ.ടി.ജലീൽ<br>" ശ്രീമതി പി.അയിഷാ പോറ്റി | ശ്രീ.പി.കെ. അബ്ദു റബ്ബ്<br>(വിദ്യാഭ്യാസ വകുപ്പു മന്ത്രി) |
| എ) ഭിന്നശേഷിക്കാർക്കായുള്ള സങ്കലിത വിദ്യാഭ്യാസ പദ്ധതിയിലെ പോരായ്മകൾ വിലയിരുത്തിയിട്ടുണ്ടോ; പദ്ധതിയ്ക്ക് കേന്ദ്രസഹായം ലഭിക്കുന്നുണ്ടോ; വിശദമാക്കാമോ; | എ) വിദ്യാർത്ഥികളുടെ എണ്ണത്തിന് ആനുപാതികമായി അധ്യാപക നിയമനം നടന്നിട്ടില്ലെന്ന അപാകതയൊഴിച്ച് സങ്കലിത വിദ്യാഭ്യാസ പദ്ധതിക്ക് പ്രത്യേകമായി ഏതെങ്കിലും തരത്തിലുള്ള പോരായ്മകൾ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഇത് 100% കേന്ദ്രാവിഷ്കൃത പദ്ധതിയായിരുന്നു. 2015-16 വർഷം മുതൽ കേന്ദ്ര സംസ്ഥാന വിഹിതം 60:40 എന്ന അനുപാതത്തിലാണ്. |
| ബി) ഈ പദ്ധതി പ്രകാരം എത്ര കുട്ടികൾ പഠിക്കുന്നുണ്ട്; അദ്ധ്യാപക-വിദ്യാർത്ഥി അനുപാതം എത്രയാണ്; ഭിന്നശേഷിയുള്ള കുട്ടികളുടെ എണ്ണത്തിന് ആനുപാതികമായി അദ്ധ്യാപക നിയമനം നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ; | ബി) സംസ്ഥാനത്തെ പൊതു വിദ്യാലയങ്ങളിൽ പഠിക്കുന്ന ഭിന്നശേഷിക്കാരായ എല്ലാ കുട്ടികളും ഈ പദ്ധതിയിൽ ഉൾപ്പെടും. 2014-15 വർഷം 1 മുതൽ 12-ആം ക്ലാസ്സ് വരെയും വി.എച്ച്.എസ്.ഇ യിലുമായി 61999 കുട്ടികൾക്ക് സാമ്പത്തിക സഹായം നൽകിയിട്ടുണ്ട്. ഇതിന്റെ അദ്ധ്യാപക-വിദ്യാർത്ഥി അനുപാതം 1:5 ആണ്. എന്നാൽ ഭിന്നശേഷിയുള്ള കുട്ടികളുടെ എണ്ണത്തിന് ആനുപാതികമായി അധ്യാപക നിയമനം നടന്നിട്ടില്ല. എസ്.എസ്.എ സ്കീം അനുസരിച്ച് 1 മുതൽ 8 വരെ ക്ലാസ്സുകളിൽ പഠിക്കുന്ന ഭിന്നശേഷിക്കാരായ കുട്ടികൾക്ക് റിസോഴ്സ് സപ്പോർട്ട് നൽകുന്നതിനായി 1286 റിസോഴ്സ് അധ്യാപകരെയും 9, 10 ക്ലാസ്സുകളിൽ റിസോഴ്സ് സപ്പോർട്ട് നൽകുന്നതിനായി 725 റിസോഴ്സ് അധ്യാപകരെയും നിയമിച്ചിട്ടുണ്ട്. 2016-17 വർഷം കൂടുതൽ അധ്യാപകരെ നിയമിക്കുന്നതിന് പ്രൊപ്പോസൽ എം.എച്ച്.ആർ.ഡിക്ക് സമർപ്പിച്ചിട്ടുണ്ട്. |
| സി) ഭിന്നശേഷിയുള്ള കുട്ടികളുടെ പഠനത്തിനും മാനസിക വളർച്ചയ്ക്കും സഹായകമാകുന്ന ഈ പദ്ധതിക്ക് വേണ്ടത്ര പ്രോത്സാഹനം നല്കുന്നില്ലെന്ന വിമർശനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ ഫണ്ട് ഉപയോഗിച്ച് ഈ പദ്ധതി മെച്ചപ്പെടുത്തുന്നതിന് പരമാവധി പ്രോത്സാഹനം നൽകിവരുന്നുണ്ട്. |
| ഡി) ഭിന്നശേഷിക്കാരായ കുട്ടികളുടെ അംഗപരിമിതികൾക്കും മാനസിക | ഡി) പഠനത്തേയും പരിപാലനത്തിനേയും ബാധിച്ചിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. 1 മുതൽ |

| | | | |
|---|---|---|---|
| | വൈകല്യങ്ങൾക്കും അനുസൃതമായി അവരെ പഠിപ്പിക്കുന്നതിന് പ്രത്യേകം പരിശീലനം നേടിയ റിസോഴ്സ് അദ്ധ്യാപകരെ ഇത്തരം സ്കൂളുകളിൽ നിയമിക്കാത്തതിനാൽ കുട്ടികളുടെ പഠനത്തേയും പരിപാലനത്തേയും സാരമായി ബാധിച്ചിട്ടുള്ള കാര്യം അറിവുള്ളതാണോ; | | 8 വരെ ക്ലാസ്സുകളിൽ എസ്.എസ്.എ വഴി ബി.ആർ.സികൾ കേന്ദ്രീകരിച്ച് 1286 റിസോഴ്സ് അദ്ധ്യാപകരെ നിയമിക്കുകയും സേവനം നൽകി വരികയും ചെയ്യുന്നുണ്ട്. 9, 10 ക്ലാസ്സുകളിൽ സങ്കലിത വിദ്യാഭ്യാസത്തിന്റെ ഭാഗമായി 725 റിസോഴ്സ് അദ്ധ്യാപകരെ വിദ്യാലയങ്ങളിൽ നേരിട്ട് നിയമിച്ചിട്ടുണ്ട്.<br>നിലവിൽ ആഴ്ചയിൽ നാല് സാധ്യായ ദിവസങ്ങളിൽ റിസോഴ്സ് അധ്യാപകർ വിവിധ സ്കൂളുകൾ സന്ദർശിച്ച് ടി സ്കൂളിലെ ഭിന്നശേഷിക്കാരായ കുട്ടികൾക്ക് ആവശ്യമായ പിന്തുണ നൽകുന്നു. ശനിയാഴ്ചകളിൽ ഭിന്നശേഷിക്കാരായ കുട്ടികൾക്ക് പ്രത്യേക പഠന പിന്തുണയും നൽകി വരുന്നു. |
| ഇ) | ആവശ്യത്തിന് റിസോഴ്സ് അദ്ധ്യാപകരെ നിയമിക്കുന്നതിനും അവരുടെ സേവന-വേതന വ്യവസ്ഥകൾ സംബന്ധിച്ച പരാതികൾ പരിഹരിക്കുന്നതിനും തയ്യാറാകുമോ; | ഇ) | മാനവ വിഭവ ശേഷി മന്ത്രാലയത്തിന്റെ അംഗീകാരം ലഭിക്കുന്ന മുറക്ക് കൂടുതൽ അധ്യാപകരെ നിയമിക്കുന്നതാണ്. നിലവിൽ കരാർ അടിസ്ഥാനത്തിൽ ജോലി ചെയ്തുവരുന്ന റിസോഴ്സ് അധ്യാപകരുടെ ഹോണറേറിയം വർദ്ധിപ്പിക്കുന്നതിനുള്ള പ്രോപ്പോസൽ 2016-17-ലെ വാർഷികപദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. മാനവവിഭവശേഷി മന്ത്രാലയത്തിന്റെ അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് ഹോണറേറിയം വർദ്ധിപ്പിക്കുന്നതാണ്. |
| എഫ്) | സ്പെഷ്യൽ സ്കൂളുകൾക്ക് എയ്ഡഡ് പദവി നൽകുന്നതിലൂടെയുണ്ടാകുന്ന സാമ്പത്തിക ബാധ്യത ഏറ്റെടുക്കാൻ തയ്യാറായ സർക്കാർ പൊതു വിദ്യാലയങ്ങളിൽ പഠിക്കുന്ന ഭിന്നശേഷിക്കാരായ കുട്ടികളുടെ പഠനത്തിനു വേണ്ട സൗകര്യങ്ങൾ ഒരുക്കുന്നതിന് നടപടി സ്വീകരിക്കുമോ? | എഫ്) | സ്വീകരിച്ചിട്ടുണ്ട്. പൊതു വിദ്യാലയങ്ങളിൽ പഠിക്കുന്ന ഭിന്നശേഷിക്കാരായ കുട്ടികളുടെ പഠനത്തിന് ഇനിയും കൂടുതൽ സൗകര്യങ്ങൾ ഒരുക്കുന്നതിന് സർക്കാർ പ്രതിജ്ഞാബദ്ധമാണ്. |

സെക്ഷൻ ഓഫീസർ